SJD/2394/2023-G3

/129874/2023

"ഭരണഭാഷ – മാതൃഭാഷ" സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി :02-12-2023
Email - swdkerala@gmail.com
Phone - 0471 – 2306040

സാമൂഹ്യ നീതി ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും

സർ,

വിഷയം:- സാ.നീ.വ – മന്ദഹാസം, വയോമധുരം പദ്ധതി - സുനീതി പോർട്ടൽ മുഖേന ലഭ്യമാകുന്ന അപേക്ഷകളിൽ- സ്വീകരിയ്ക്കേണ്ട തുടർ നടപടികൾ - സംബന്ധിച്ച്.

മുതിർന്ന പൌരന്മാർക്കുള്ള വ്യക്തിഗത ഗുണഭോക്തൃ പദ്ധതികൾ ആയ മന്ദഹാസം, വയോമധുരം എന്നീവയുടെ അപേക്ഷകൾ 2022 ഏപ്രിൽ മുതൽ സുനീതി പോർട്ടൽ മുഖേനയാണ് സ്വീകരിച്ചു വരുന്നത്. സുനീതി പോർട്ടലിൽ പ്രസ്തുത പദ്ധതി ഗുണഭോക്താക്കൾക്ക് അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായി ആനുകൂല്യങ്ങൾ അനുവദിയ്ക്കുമ്പോൾ ധനസഹായം അനുവദിക്കേണ്ടതില്ലാത്തതിനാൽ ജില്ലാ സാമൂഹ്യ നീതി ഓഫീസുകൾ അനുമതി ഉത്തരവുകൾ പുറ പ്പെടുവിയ്ക്കുന്നില്ല എന്ന് കാണുന്നു . ഇത് മൂലം ടി പദ്ധതി ആനുകൂല്യം ഏതൊക്കെ അപേക്ഷകർക്ക് അനുവദിച്ചു എന്നത് സംബന്ധിച്ച വ്യക്തത ഇല്ലാതെ വരുന്നു . കൂടാതെ ആനുകൂല്യം വിതരണം ചെയ്തതു സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിയ്ക്കാത്ത സാഹചര്യത്തിൽ പ്രസ്തുത ഫയൽ സുനീതി പോർട്ടലിൽ ക്ലോസ് ആകാതെ തുടരുന്നതും ടി അപേക്ഷകന് വയോമധുരം പദ്ധതിയുടെ test strip നായുള്ള തുടർ അപേക്ഷ സമർപ്പിയ്ക്കാൻ കഴിയാതെ വരുന്നതുമാണ്. മേൽ സാഹചര്യത്തിൽ സുനീതി പോർട്ടലിൽ ലഭ്യമായ വയോമധുരം പദ്ധതിയുടെ തുടർ നടപടികളുമായി ബന്ധപ്പെട്ടു എല്ലാ ജില്ലാ സാമൂഹ്യ നീതി ഓഫീസർമാരും ചുവടെ പറയുന്ന നിർദേശങ്ങൾ പാലിയ്ക്കുണമെന്ന് അറിയിക്കുന്നു

- വയോമധുരം പദ്ധതി പ്രകാരം ആനുകൂല്യത്തിനു അർഹതയുള്ളതായി കാണുന്ന അപേക്ഷകൾ സമയ ബന്ധിതമായി പരിശോധിച്ച് അംഗീകാരം നൽകേണ്ടതാണ്.
- മേൽ പറഞ്ഞ പ്രകാരം അംഗീകാരം നൽകിയ അപേക്ഷകർക്ക് നൽകേണ്ട ഗ്ലൂക്കോമീറ്റർ വിതരണത്തിന് ലഭ്യമാകുന്ന മുറയ്ക്ക് glucometer അനുവദിയ്ക്കുന്ന വ്യക്തികളുടെ ലിസ്റ്റ് ഉൾപ്പെടുത്തി ഉത്തരവ് (proceedings ) സുനീതി പോർട്ടലിൽ generate ചെയ്തു സൂക്ഷിയ്ക്കേണ്ടതുമാണ്.
- ഗ്ലൂക്കോമീറ്റർ വിതരണം സംബന്ധിച്ച പ്രത്യേക രജിസ്റ്റർ ഓഫീസുകളിൽ

സൂക്ഷിയ്ക്കണം.

- മന്ദഹാസം പദ്ധതി പ്രകാരമുള്ള അപേക്ഷകൾ പാസ്സാക്കി ഗുണഭോക്താക്കളുടെ ലിസ്റ്റ് ഉൾപ്പെടുന്ന proceedings ആയി സുനീതി പോർട്ടലിൽ തയ്യാറാക്കേണ്ടതും പ്രസ്തുത ലിസ്റ്റ് തുടർനടപടികൾക്കായി ബന്ധപ്പെട്ട ആശുപത്രിയ്ക്ക് കൈ മാറണമെന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ,

ADDITIONAL DIRECTOR
സാമൂഹ്യ നീതി ഡയറക്ടർക്കുവേണ്ടി

Signed by Jalaja S
Date: 02-12-2023 18:14:39
Reason: Approved

പകർപ്പ് : സൂപ്രണ്ട് ,പ്ലാനിംഗ് സെക്ഷൻ
IT section(വെബ്സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിന് )